




വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഉടൻ തുറക്കപ്പെടുമെന്നും പിന്നെ കേരളത്തിന്റെ വികസനത്തെ പിടിച്ചാൽ കിട്ടില്ലെന്നുമുള്ള മിഥ്യാധാരണകൾ മാധ്യമ സൃഷ്ടികളായി പുറത്തുവരുമ്പോൾ പദ്ധതിക്കായി കിടപ്പാടം വിട്ടുകൊടുത്തവരുടെ അവസ്ഥയെന്താണെന്ന ആലോചനകൾ പോലും നമ്മുടെ പെതുമന:സാക്ഷിയിൽ നിന്നും പുറത്തായിരിക്കുന്നു. 44 ദിവസം പിന്നിട്ട കുടിയിറക്കപ്പെട്ടവരുടെ സമരം മൂലമ്പിള്ളി പാക്കേജ്പ്രഖ്യാപിച്ചതിനെ തുടർന്ന് പിൻവലിച്ചു. എന്നാൽ രണ്ട് വർഷം കഴിഞ്ഞിട്ടും മൂലമ്പിള്ളിക്കാർക്ക് പുനരധിവാസം കിട്ടിയിട്ടില്ല.

# മൂലമ്പിള്ളി

# ജനാധിപത്യ ബഹുജന സമരങ്ങൾക്ക് ഉദാത്ത മാതൃക

ഫ്രാൻസിസ് കളത്തുങ്കൽ

ആഗോളവൽക്കരണ കാലഘട്ടത്തിലെ ജനാധിപത്യ ബഹുജന സമരങ്ങളുടെ ചരിത്രത്തിൽ ഉജ്ജ്വലമായ സ്ഥാനമാണ് മൂലമ്പിള്ളി സമരത്തിനുള്ളത്. ചിട്ടയാർന്ന സമരരൂപവും ഒററക്കെട്ടായ പ്രവർത്തനവും ശരിയായ നേതൃത്വവുമുണ്ടെങ്കിൽ ഭരണാധികാരികൾ എത്ര വമ്പന്മാരാണെങ്കിലും വിജയം ജനങ്ങളുടെ ഭാഗത്തുതന്നെയാണെന്ന് തെളിയിക്കുകയായിരുന്നു മൂലമ്പിള്ളി സമരം. വികസനത്തിന്റെ പേരിലുള്ള അതിനിഷ്ഠൂരമായ കുടിയൊഴിപ്പിക്കലിനെതിരെ നന്ദിഗ്രാമത്തിലെ ജനത നടത്തിയ ഐതിഹാസികമായ സമരത്തിന്റെ ആവേശവും മാതൃകയും പിന്തുടർന്നായിരുന്നു മൂലമ്പിള്ളി സമരം വളർന്നതും വികസിച്ചതും.

രാജ്യത്തിന്റെ സ്വപ്ന പദ്ധതിയെന്നു വിശേഷപ്പിച്ച വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള നാലുവരിപ്പാതയുടെ നിർമ്മാണത്തിനുവേണ്ടിയായിരുന്നു മൂലമ്പിള്ളിയിലെ ഒഴിപ്പിക്കൽ. നമ്മുടെ സംസ്ഥാനം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം അതിക്രൂരമായൊരു കുടിയൊഴിപ്പിക്കലായിരുന്നു അത്. പെരിയാറിന്റെ കൈവഴികളാൽ ചുററപ്പെട്ട പ്രശാന്തസുന്ദരമായ മൂലമ്പിള്ളി മത്സ്യത്തൊഴിലാളികളും കൂലിവേലക്കാരുമായ നിർദ്ധനരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു ചെറിയ തുരുത്താണ്. ഈ തുരുത്തിലേക്ക് റോഡും പാലവും മററും വരുന്നുവെന്നറിഞ്ഞപ്പോൾ ഈ ഗ്രാമം ഒന്നടങ്കം ആഹ്ലാദിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ അവർ സ്ഥലം ഏറെറടുക്കുന്നതിനുവേണ്ടിയുള്ള സർവ്വേകൾ നടന്നപ്പോൾ ഉദ്യോഗസ്ഥരോട് സർവ്വാത്മനാ സഹകരിച്ചവരായിരുന്നു. എന്നാൽ നാടിന്റെ വികസനത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന സാധുക്കൾക്ക് പുനരധിവാസമില്ലെന്നും ബ്രിട്ടീഷ് വാഴ്ചക്കാലത്ത് ആവിഷ്കരിച്ച പൊന്നും വില എന്ന നക്കാപ്പിച്ച മാത്രമേ നൽകൂ എന്നും ദേശീപാത അതോറിററിയും സംസ്ഥാന സർക്കാരും ഒരേ സ്വരത്തിൽ പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം കുടിയിറക്കപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം തലയിൽ ഇടിത്തീ വീണതുപോലെയായിരുന്നു.

അധികാരികളുടെ കണ്ണിൽചോരയില്ലാത്ത നിലപാടിൽ നിരാശരാകാതെ സ്വന്തം സമരസംഘടന രൂപീകരിച്ചുകൊണ്ട് ചെറുത്തുനില്പു സമരത്തിന്റെ പാത സ്വീകരിച്ചുകൊണ്ടാണ് അവർ ഈ ദുർവിധിയെ നേരിട്ടത്. ഇതേ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കൽ ഭീഷണിനേരിടുന്ന ഇതര പ്രദേശത്തെ സമരസമിതികളെ കോർത്തിണക്കിക്കൊണ്ട് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിലുള്ള കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതിയുടെ ആ

**2008 ഫെബ്രുവരി 6 ന് സംസ്ഥാന സർക്കാരിന്റെ തീരുമാനപ്രകാരം അന്നത്തെ ജില്ലാകളക്ടർ മുഹമ്മദ് ഹനീഷ് നിർദ്ദേശം നൽകിയതിനെ തുടർന്ന് നൂറുകണക്കിന് പോലീസുകാരുടെ അകമ്പടിയോടെ ഒരു സംഘം ഉദ്യോഗസ്ഥർ ജെ.സി.ബി ഉപയോഗിച്ച് മൂലമ്പിള്ളിക്കാരുടെ വീടുകൾ ഇടിച്ചുപൊളിച്ചു. ഒരായുസ്സിന്റെ മുഴുവൻ അധ്വാനം കൊണ്ട് പടുത്തുയർത്തിയ വീടുകൾ ഇടിച്ചു നിരത്തുമ്പോൾ സ്ത്രീകളും കുട്ടികളുമടക്കം ആബാലവൃദ്ധജനങ്ങൾ ഒന്നടങ്കം അലമുറയിട്ട് കരഞ്ഞിട്ടും ഒരു തരിമ്പും മനസ്സലിയാത്ത ഉദ്യോഗസ്ഥവൃന്ദത്തെയാണ് അവിടെ കാണാൻ കഴിഞ്ഞത്. രാവിലെ സ്കൂളുകളിൽ പോയ കുട്ടികൾ, ജോലിക്കുപോയ ഗൃഹനാഥന്മാർ ഇവരെല്ലാം വൈകിട്ട് തിരിച്ചു വീട്ടിലേക്ക് വരുമ്പോൾ തങ്ങളുടെ വീടുകളുടെ സ്ഥാനത്ത് ഒരു മൺകൂനമാത്രമായിരുന്നു കാണാൻ കഴിഞ്ഞത്.**



വര: വി.എസ്. ഗിരീശൻ

ഭിമുഖ്യത്തിൽ അതിനോടകം തന്നെ കോ ഓർഡിനേഷൻ കമ്മിററിക്ക് രൂപം നല്കിയിരുന്നു. കോ ഓർഡിനേഷൻ കമ്മിററിയുടെ ഭാഗമായതോടെ മൂലമ്പിള്ളി സമരത്തിനും പുതിയൊരു മാനം കൈവന്നു. എന്നാൽ തികച്ചും ആകസ്മികമായിട്ടായിരുന്നു 2008 ഫെബ്രുവരി 6 ന് സംസ്ഥാന സർക്കാരിന്റെ തീരുമാനപ്രകാരം അന്നത്തെ ജില്ലാകളക്ടർ മുഹമ്മദ് ഹനീഷിന്റെ നിർദ്ദേശപ്രകാരം നൂറുകണക്കിന് പോലീസുകാരുടെ അകമ്പടിയോടെ ഒരു സംഘം ഉദ്യോഗസ്ഥർ ജെ.സി.ബി ഉപയോഗിച്ച് അവരുടെ വീടുകൾ ഇടിച്ചുപൊളിച്ചത്.

ഒരായുസ്സിന്റെ മുഴുവൻ അധ്വാനം കൊണ്ട് പടുത്തുയർത്തിയ വീടുകൾ ഇടിച്ചു നിരത്തുമ്പോൾ സ്ത്രീകളും കുട്ടികളുമടക്കം ആബാലവൃദ്ധജനങ്ങൾ ഒന്നടങ്കം അലമുറയിട്ട് കരഞ്ഞിട്ടും ഒരു തരിമ്പും മനസ്സലിയാത്ത ഉദ്യോഗസ്ഥവൃന്ദത്തെയാണ് അവിടെ കാണാൻ കഴിഞ്ഞത്. രാവിലെ സ്കൂളുകളിൽ പോയ കുട്ടികൾ, ജോലിക്കു പോയ ഗൃഹനാഥന്മാർ ഇവരെല്ലാം വൈകിട്ട് തിരിച്ചു വീട്ടിലേക്ക് വരുമ്പോൾ തങ്ങളുടെ വീടുകളുടെ സ്ഥാനത്ത് ഒരു മൺകൂനമാത്രമായിരുന്നു കാണാൻ കഴിഞ്ഞത്. വൃദ്ധരായ മാതാപിതാക്കളേയും കെട്ടുപ്രായമെത്തിയ പെൺമക്കളേയും സഹോദരിമാരേയും കൊണ്ട് ഇന്ന് എവിടെ അന്തിയുറങ്ങും എന്നറിയാതെ പകച്ചു നിൽക്കുന്ന യുവാക്കളെയാണ് ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞത്. എന്നാൽ സർക്കാറിന്റെ മനുഷ്യത്വഹീനമായ കുടിയൊഴിപ്പിക്കലിന്റെ വാർത്ത കേട്ടറിഞ്ഞ് നാടിന്റെ നാനാകോണുകളിൽ നൂറുകണക്കിന് സാമൂഹ്യപ്രവർത്തകരും വ്യക്തികളും അവിടെ പാഞ്ഞെത്തി. കുടിയിറക്കപ്പെട്ട നിരാലംബരായിത്തീർന്ന ജനതക്ക് അത് ഏറെ ആശ്വാസം പകർന്നു.

കടുത്ത യാഥാർത്ഥ്യത്തിന്റെ മുമ്പിൽ പകച്ചുനിൽക്കാതെ പൊരുതി ജയിക്കാനായിരുന്നു അവിടെ ചേർന്ന കോ ഓർഡിനേഷൻ കമ്മിററിയുടെ തീരുമാനം. തൊട്ടടുത്ത ദിവസം ജില്ലാകളക്ടറുടെ ഔദ്യോഗിക വസതിയിലേക്ക് നടത്തിയ മാർച്ച് പോലീസ് ബലംപ്രയോഗിച്ചു തടഞ്ഞു. പ്രമുഖരായ നിരവധി സാംസ്കാരിക നായകർ വിവിധ രാഷ്ട്രീയ സാമുദായിക സംഘടനാ നേതാക്കൾ ഉൾപ്പെടെ നൂറുകണക്കിനാളുകളാണ് ആ മാർച്ചിലുണ്ടായിരുന്നത്. തടഞ്ഞ സ്ഥലത്ത് തന്നെ (മേനക ജംഗ്ഷൻ) ഒരു സമരകേന്ദ്രം തുറന്നുകൊണ്ടായിരുന്നു പിന്നീടങ്ങോട്ടുള്ള സമരം. പ്രശസ്ത എഴുത്തുകാരി സാറാ ജോസഫ് അവിടെ തുറന്ന സമരപ്പന്തലിന്റെ കാൽനാട്ടു കർമ്മം നിർവഹിച്ചുകൊണ്ട് സംസാരിച്ചു. ഇടതെന്നു വിളിക്കുന്ന ഒരു സർക്കാർ തൊഴിലാളികളോടും സാധാരണക്കാരോടും കാണിക്കുന്ന ക്രൂരതക്കെതിരെ അവർ ആഞ്ഞടിച്ചു. പുനരധിവാസമില്ലാതെ പിന്നോട്ടില്ല എന്ന പ്രഖ്യാപനമായിരുന്നു അവിടെ നടന്നത്. തുടർന്നങ്ങോട്ട് നാടിന്റെ നാനാകോണുകളിൽ നിന്നും ഉജ്ജ്വലമായ സ്ത്രീ

കരണമാണ് സമരത്തിന് ലഭിച്ചത്. സഹായം വാഗ്ദാനം ചെയ്തെത്തിയ വ്യക്തികളേയും സംഘടനകളേയും ചേർത്ത് സമരസഹായസമിതിക്ക് രൂപം കൊടുത്തുകൊണ്ട് സമരം കൂടുതൽ വിപുലമാക്കി. സമരസഹായസമിതിയിൽ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക സംഘടനകൾ, സാംസ്കാരിക സംഘടനകൾ തുടങ്ങിയ നിരവധി സംഘടനകളും വ്യക്തികളും അണിനിരന്നു. പ്രമുഖ പരിസ്ഥിതിപ്രവർത്തകൻ സി.ആർ. നീലകണ്ഠൻ, ജനകീയ പ്രതരോധസമിതി ജില്ലാ കൺവീനർ പി.വി. സുധീർകുമാർ തുടങ്ങിയ നേതാക്കളുടെ പ്രവർത്തനം പ്രത്യേകം എടുത്തുപറയത്തക്കതായിരുന്നു. അതുപോലെതന്നെ സമരസഹായസമിതിയിലെ അംഗങ്ങളെന്ന നിലയിൽ സോളിഡാരിററി യൂത്ത് മൂവ്മെന്റ്, കെ.സി.വൈ.എം, മഹിളാ സാംസ്കാരിക സംഘടന തുടങ്ങിയ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് ഏറെ പ്രശംസനീയമായിരുന്നു.

പകൽ സമയത്ത് സമരപന്തലിൽ കഴിയുന്ന ഈ പത്ത് കുടുംബങ്ങൾക്ക് രാത്രികാലങ്ങളിൽ തലചായ്ക്കാൻ ഒരിടം ഇല്ലാ എന്നുള്ളത് ഒരു നീറുന്ന പ്രശ്നമായിരുന്നു. സമരത്തിന്റെ ആദ്യനാളുകളിൽ മൂലമ്പിള്ളി സെന്റ് അഗസ്ററിൻ പള്ളി വക സ്കൂളിൽ താമസിക്കുവാനുള്ള സൗകര്യം പള്ളി ഒരുക്കികൊടുത്തു. ഇവിടെ ഒരു കാര്യം പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. മൂലമ്പിള്ളിയിൽ നിന്നും കുടയിറക്കപ്പെട്ടവരിൽ ഭൂരിഭാഗവും ക്രിസ്തീയ മതവിശ്വാസികളായിരുന്നെങ്കിലും മററു മതവിശ്വാസികളും അക്കൂട്ടത്തിലുണ്ടായിരുന്നു. കുടിയിറക്കപ്പെട്ടവരുടെ മതം ഏതെന്ന് നോക്കാതെ അവരെ ഒന്നായിക്കണ്ട് സഹായിക്കുന്ന ഒരു നിലപാടാണ് പള്ളി അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടായത്. അതുപോലെ തന്നെ സമര ഭടന്മാരുടെ ഇടയിലും ജാതിയുടേയോ, മതത്തിന്റേയോ വ്യത്യാസം ഒരു തരിമ്പുപോലും അവരെ വേർതിരിച്ചില്ല. ജാതിയുടേയും മതത്തിന്റേയും പേരിൽ തമ്മിലടിക്കുന്ന ഇക്കാലഘട്ടത്തിൽ ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടി പോരടിക്കുന്ന ജനതക്ക് അവർ ഏത് മതത്തിൽപ്പെട്ടവരാണെങ്കിലും തുല്യരാണെന്ന് മൂലമ്പിള്ളിക്കാർ സമൂഹത്തിനുമുമ്പിൽ തെളിയിച്ചു കൊടുക്കകയായിരുന്നു. എന്നാൽ പ്രായമേറിയ മാതാപിതാക്കളും പെൺകുട്ടികളും അടങ്ങുന്ന പത്ത് കുടുംബത്തിന് ഒന്നിച്ച് സ്കൂൾ ക്ലാസ് റൂമിൽ അനന്തമായി ജീവിക്കുക അസാദ്ധ്യമായിരുന്നു. ഈ സാഹചര്യത്തിലാണ് അതിന് പരിഹാരമെന്നോണം സർക്കാർ പിടിച്ചെടുത്ത സ്ഥലത്തിന്റെ ബാക്കിയായി അവശേഷിക്കുന്ന തുണ്ടുഭൂമികളിൽ ചെറിയ ഷെഡ്ഡുകൾ നിർമ്മിച്ചു നൽകുവാൻ സോളിഡാരിററി യൂത്ത് മൂവ്മെന്റ് തീരുമാനിച്ചത്. സോളിഡാരിററിയുടെ ആ തീരുമാനം ആ കുടുംബങ്ങൾക്ക് ഏറെ പ്രയോജനകരമായിരുന്നു. പ്രാഥമികാവശ്യകതകൾ പോലും നിർവഹിക്കാൻ സൗകര്യമില്ലാതിരുന്ന ഈ കുടുംബങ്ങൾക്ക്പറഞ്ഞറിയിക്കാൻ പോലും കഴിയാത്തത്ര ആശ്വാസം പകരുന്നതായിരുന്നു അത്. അവിടേയും മതവിശ്വാസത്തിന്റെ മതിൽക്കെട്ടുകൾ ഉണ്ടായിരുന്നില്ല. വേദനിക്കുന്നവനോടും പൊരുതുന്നവരോടുമുള്ള ഐക്യദാർഢ്യമാണ് അവിടെ കാണാൻ കഴിഞ്ഞത്. സാമൂഹികപ്രതിബദ്ധതയുടേയും വിശാലമായ മനുഷ്യസ്നേഹത്തിന്റെയും ഉയർന്ന മാതൃകയായിരുന്നു കാണാൻ കഴിഞ്ഞത്.

മേനകയിലെ സമരപ്പന്തലിലേക്ക് ഐക്യദാർഢ്യ പ്രകടനങ്ങളുടെ പ്രവാഹം തന്നെയായിരുന്നു ദിവസങ്ങളോളം. ഭരണകക്ഷിയൊഴികെയുള്ള എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് രംഗത്തേക്ക് വന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന നിലയിലേക്ക് സമരം വളർന്നുകഴിഞ്ഞിരുന്നു. അത്തരമൊരു സാഹചര്യത്തിൽ പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുവാൻ സർക്കാർ തയ്യാറാവുകയായിരുന്നു. 44 ദിവസം പിന്നിട്ട സമരം മൂലമ്പിള്ളി പാക്കേജ് പ്രഖ്യാപിച്ചതിനെ തുടർന്ന് പിൻവലിക്കുവാൻ കോ ഓർഡിനേഷൻ കമ്മിററി തീരുമാനിച്ചു. എന്നാൽ പാക്കേജ് പൂർണ്ണമായും നടപ്പാക്കികിട്ടും വരെയുള്ള ഇതര സമരരൂപങ്ങൾ കൈക്കൊള്ളുവാനായിരുന്നു തീരുമാനം. പാക്കേജ് പ്രഖ്യാപിച്ച് വർഷം രണ്ട് പിന്നിട്ടിട്ടും മൂലമ്പിള്ളിക്കർക്ക് പുനരധിവാസം ലഭ്യമായിട്ടില്ല. ജനാധിപത്യത്തിൽ പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണാധികാരികൾ തന്നെ സാധുക്കളുടെ സ്വത്തുക്കൾ തട്ടിയെടുത്ത് അവരെ വഴിയാധാരമാക്കിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് രാജ്യമെങ്ങും ഇന്ന് കാണാൻ കഴിയുന്നത്. വികസനഭ്രാന്ത് തലക്ക് പിടിച്ച ഭരണാധികാരികൾ ഇന്ന് മൂലധനശക്തികളുടെ സേവകരായി മാറിയിരിക്കുന്നു. വികസന രഥം ഉരുളുമ്പോൾ നൂറ് കണക്കിന് മൂലമ്പിള്ളികൾ സൃഷ്ടിക്കപ്പെടും. ചെറുത്ത് നില്പല്ലാതെ മററൊന്നും നമ്മുടെ മുമ്പിൽ അവശേഷിക്കുന്നില്ല എന്ന തിരിച്ചറിവാണ് മൂലമ്പിള്ളി നൽകുന്നത്.

ബന്ധങ്ങൾക്ക്: 9388875603

## കേരളീയം അറിയിപ്പ്

കേരളത്തിൽ നടക്കുന്ന പലവിധ സമരങ്ങളും സാങ്കേതികമായ കാരണങ്ങളാൽ ഈ ലക്കത്തിൽ ചേർക്കാനായിട്ടില്ല. വെളിച്ചിക്കാല, മുരിയാട്, കഞ്ചിക്കോട്, പെപ്സി, മമ്പാട്, വടവാതൂർ, മാടായിപ്പാറ, എരയാംകുടി തുടങ്ങി അനേകം സമരങ്ങളെക്കുറിച്ച് തുടർ ലക്കങ്ങളിൽ പ്രതീക്ഷിക്കുക.